കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ.കെ.സി.ജോസഫ് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ 3171/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 28.09.2017

---

പരാമർശം :- (1) 11/06/2012 ലെ സ.ഉ.(പി.) നമ്പർ 332/12/ഫിൻ.

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.08.2017 ലെ ഡിബി5/2696/17/സിഇ/തസ്വഭവ(5) നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) ലെ കത്ത് പ്രകാരം, "കാവുമ്പായി - കൊക്കോപ്പ്രം റോഡ് - ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്" എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും, ബഹു.ഇരിക്കൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.കെ.സി.ജോസഫ് അവർകളുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരിക്കൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.സി.ജോസഫ് എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും ആകെ അടങ്കൽ തുകയായ 40 ലക്ഷം രൂപ, പ്രോജക്റ്റ് ഐ.ഡി.1827, "കാവുമ്പായി കൊക്കോപ്രം റോഡ്-ശ്രീകണ്ഠാപുരം" എന്ന പ്രവൃത്തിയ്ക്ക് അനുവദിക്കുന്നതിനും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം (1) ലെ സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ടും പ്രവൃത്തി പൂർത്തീയാക്കണമെന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു. ആയതു സംബന്ധിച്ച ചെലവ് "4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി.,
ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ.കെ.സി.ജോസഫ്, എം.എൽ.എ, ഇരിക്കൂർ നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
സെക്രട്ടറി, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (File ID No.706/NC-C3/2016/Fin).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.